(ബി) 2005 മാർച്ച് 31-ന് കടബാദ്ധ്യതയും റവന്യൂ കമ്മിയും എത്രയായി കുറയ്ക്കണം എന്നതു സംബന്ധിച്ച് ധവളപത്രത്തിൽ നിർദ്ദേശം ഒന്നുംതന്നെയില്ല. എന്നാൽ പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ചുള്ള ഇടക്കാല സാമ്പത്തിക പരിഷ്കരണത്തിലൂടെ 2004-2005 ഓടെ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. കഴിഞ്ഞ കാലങ്ങളിലെ പ്രത്യേക സാമ്പത്തിക സാഹചര്യങ്ങളാൽ ഈ കൊല്ലത്തെ ബഡ്ജറ്റിൽ (2004-05) റവന്യൂകമ്മി ജി. എസ്. ഡി. പി.-യുടെ 4.69 % ആയി കണക്കാക്കിയിരിക്കുന്നു.

(സി) 2006-2007 വർഷം കൊണ്ട് റവന്യൂ കമ്മി തീർത്തും ഇല്ലാതാകുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഡി) 2003-04-ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 37452.23 കോടി രൂപയായിരുന്നു. ഇതേ കാലയളവിൽ റവന്യൂ കമ്മി ജി. എസ്. ഡി. പി.-യുടെ 4.08 ശതമാനമായി കണക്കാക്കിയിരിക്കുന്നു. 2005 ജനുവരി 31 വരെയുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഇ) റവന്യൂ വരുമാനം പ്രതീക്ഷിച്ചതിനേക്കാളും കുറഞ്ഞതുമൂലവും ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് മുൻകൂട്ടി കാണുവാൻ കഴിയാത്ത ചിലവുകൾമൂലവും പ്രഖ്യാപിത കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ നേരിയ അന്തരം ഉണ്ടായിട്ടുണ്ട്.

മൽസ്യബന്ധനബോട്ടുകൾക്കും വള്ളങ്ങൾക്കും നൽകുന്ന ഡീസൽ, മണ്ണെണ്ണ എന്നിവയുടെ വില്പന നികുതി

27 [1744] ശ്രീ. എം. പി. ഗംഗാധരൻ :

,, എം. എം. ഹസ്സൻ :

,, വർക്കല കഹാർ :

,, ബി. വിജയകുമാർ :

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൽസ്യബന്ധന ബോട്ടുകൾക്കും വള്ളങ്ങൾക്കും നൽകുന്ന ഡീസൽ, മണ്ണെണ്ണ എന്നിവയ്ക്ക് വില്പന നികുതിയിൽ എന്തെങ്കിലും ഇളവനുവദിച്ചിട്ടുണ്ടോ ;

(ബി) മൽസ്യബന്ധന ബോട്ടുകൾ, വള്ളങ്ങൾ എന്നിവയ്ക്ക് ഒരു വർഷം നൽകുന്ന മണ്ണെണ്ണ, ഡീസൽ എന്നിവയിൽ നിന്നും ഈടാക്കുന്ന വില്പന നികുതി എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മണ്ണെണ്ണയുടെ നിലവിലുള്ള നികുതി നിരക്ക് 24 ശതമാനം ആണ്. എന്നാൽ മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ നികുതി നിരക്ക് 12 ശതമാനം ആയി കുറച്ചിട്ടുണ്ട്. മത്സ്യബന്ധന ബോട്ടുകളിലും വള്ളങ്ങളിലും ഉപയോഗിക്കുന്ന ഡീസലിന് നികുതി ഇളവ് അനുവദിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വരാപ്പുഴ-കടമക്കുടി റോഡിൽ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനർനിർമ്മിക്കാൻ നടപടി

28 [1745] ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വരാപ്പുഴ-കടമക്കുടി റോഡിൽ പുതുശ്ശേരി തോട്ടിൽ തകർന്നുപോയ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനർനിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2004-05, 2005-06 വർഷത്തെ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടുണ്ടോ എങ്കിൽ തുക എത്ര എന്ന് വെളിപ്പെടുത്താമോ ;

(ബി) ടെൻഡർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ബഡ്ജറ്റിൽ വകയിരുത്തേണ്ടത് നിർബന്ധമാണോ ;

(സി) എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ലൂയിസ്-കം-ബ്രിഡ്ജിന് നടപ്പു സാമ്പത്തിക വർഷം 20 ശതമാനം തുക വകയിരുത്തുകയോ പ്രത്യേകാനുമതി ഉത്തരവ് നൽകുകയോ ചെയ്യുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരാപ്പുഴ-കടമക്കുടി റോഡിൽ പുതുശ്ശേരി തോട്ടിൽ തകർന്നുപോയ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ പ്രാഥമിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 60.50 ലക്ഷം രൂപയുടെ ഭരണാനുമതി 16-9-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 1098/2004/ഡബ്ല്യു. ആർ. ഡി. പ്രകാരമാണ് നൽകിയത്. 2004-05 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മരാമത്തു പണിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. 2005-06 സാമ്പത്തിക വർഷത്തിൽ ടി മരാമത്തു പണിക്കായി 2,40,790 രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly